പതിമൂന്നാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3812

20/07/2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

## കോഴിക്കോട് ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ വിവിധ സർക്കാർ എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ്., എച്ച്.എസ്., യു.പി.എസ്., എൽ.പി.എസ്. എന്നിവയിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ ഉണ്ട്; ഒഴിവുള്ള തസ്തികകൾ എന്ന് മുതൽ ഒഴിഞ്ഞുകിടക്കുന്നു; എപ്രകാരം വന്ന ഒഴിവുകളാണെന്നും ഒഴിവുകൾ ഉള്ള സ്കൂളുകളുടെ പേരും വിശദമാക്കാമോ; | (എ) കോഴിക്കോട് ജില്ലയിലെ വിവിധ സർക്കാർ എച്ച്.എസ്.എസ്, വി.എച്ച്.എസ്.എസ്, യു.പി.എസ്, എൽ.പി.എസ് എന്നിവയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ, ഒഴിവുള്ള സ്കൂളുകളുടെ പേര് എന്നിവ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. ഹൈസ്കൂൾ വരെയുള്ള സ്കൂളുകളിൽ ഒഴിവുള്ള തസ്തികകൾ 2014-15 വർഷത്തെ തസ്തിക നിർണ്ണയത്തിന് ശേഷവും 2015-16 വർഷത്തെ നീക്ക്പോക്ക് സ്ഥലം മാറ്റത്തിന് ശേഷവും, വന്നവയാണ്. ഹയർ സെക്കന്ററി വകുപ്പിൻ കീഴിൽ വിവിധ വിഷയങ്ങളിലെ അദ്ധ്യാപകരുടെ വിരമിക്കൽ, വിട്ടുതൽ വാങ്ങൽ, ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി എന്നിവ മൂലം ഉണ്ടായ ഒഴിവുകളാണ്. ബൈട്രാൻസ്ഫർ മുഖാന്തിരം നിയമനം നടത്തേണ്ട ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ 27/12/2012 ലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തേണ്ട തസ്തികയിലെ ഒഴിവുകൾ 20/06/2015 തീയതിയിലുമാണ് ഉണ്ടായിരിക്കുന്നത്. |
| (ബി) ഈ ഒഴിവുകളിൽ ഓരോന്നിലും നിയമനം നടത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി, ബൈ-ട്രാൻസ്ഫർ, പ്രമോഷൻ, അന്തർ ജില്ലാ സ്ഥലംമാറ്റം, തസ്തികമാറ്റം എന്നീ നടപടികൾ കൈകൊണ്ടു വരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

Sreedevi

സെക്ഷൻ ഓഫീസർ